ഹരിജൻ വിദ്യാർത്ഥികളുടെ ബുദ്ധിമുട്ടുകൾ

1295 [2075] ശ്രീ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്കൃതകോളേജിൽ പഠിക്കുന്ന പിന്നോക്കവിഭാഗങ്ങളിലും ഹരിജനങ്ങളിലുംപെട്ട വിദ്യാർത്ഥികൾക്ക് ഫീസ് തിരിച്ചുപിടിച്ചിട്ടേ സ്കോളർഷിപ്പുകൊടുക്കേണ്ടതുള്ളുവെന്ന് ഈ വർഷം ഹരിജൻ വെൽഫയർ ഡിപ്പാർട്ടുമെന്റിൽനിന്നും കോളേജിൽ അറിയിച്ചതുകാരണം ഈ വിഭാഗം വിദ്യാർത്ഥികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവയ്ക്കു പരിഹാരം കാണുന്നതിന് എന്തു നടപടി സ്വീകരിച്ചു;

(സി) 1967-ലും 1971-ലും ഉണ്ടായ ഓർഡറുകൾ മുഖാന്തിരം സ്കോളർഷിപ്പും മറ്റു ആനുകൂല്യങ്ങളും ഒരുമിച്ചുവാങ്ങാൻ കഴിയുമായിരുന്നുവെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) തിരുവനന്തപുരം സംസ്കൃത കോളേജിലെ പിന്നോക്കസമുദായത്തിൽപ്പെട്ട ആറു വിദ്യാർത്ഥികൾക്ക് സംസ്കൃതപ്രോൽസാഹന സ്കോളർഷിപ്പ് അനുവദിച്ചതു കാരണം ഹരിജൻവെൽഫയർ ഡിപ്പാർട്ടുമെന്റ് ആ കുട്ടികൾക്ക് ഫീസ് സൗജന്യം അനുവദിക്കുകയുണ്ടായില്ല എന്ന് കോളേജ് പ്രിൻസിപ്പൽ ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്.

(ബി) ഇതിനെപ്പറ്റി അന്വേഷിക്കുന്നുണ്ട്.

(സി) വിവരം ശേഖരിച്ചുവരുന്നു.

പി. ഡി. ടീച്ചർ, സ്പെഷ്യൽ ടീച്ചർ എന്നിവയ്ക്ക് അനുവദിച്ചിട്ടുള്ള സീനിയർ ഗ്രേഡ്

1296 [2076] ശ്രീ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ ശമ്പളപരിഷ്കാരപ്രകാരം 25 വർഷം സർവ്വീസ് പൂർത്തിയാക്കിയ പി. ഡി. ടീച്ചർ, സ്പെഷ്യൽ ടീച്ചർ എന്നിവർക്ക് 1-7-1978-ൽ അനുവദിച്ചിട്ടുള്ള സീനിയർഗ്രേഡ്, 1-7-1978-നു മുൻപ് പ്രൈമറിസ്കൂൾ ഹെഡ്മാസ്റ്റർ ആകുകയും 25 വർഷത്തിലേറെ സർവ്വീസ് ഉണ്ടായിരിക്കുകയും ചെയ്യുന്ന അദ്ധ്യാപകർക്ക് ലഭിക്കുന്നില്ലായെന്നകാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തൻമൂലം പി. ഡി. ടീച്ചറെക്കാൾ ഉയർന്ന ശമ്പളം വാങ്ങിക്കൊണ്ടിരുന്ന പ്രൈമറി സ്കൂൾ ഹെഡ്മാസ്റ്റർ 1.7.1978.നുശേഷം തന്റെ കീഴിൽ ജോലിചെയ്യുന്ന പി. ഡി. ടീച്ചർമാരെക്കാൾ താണ ശമ്പളക്കാരായി മാറിയിരിക്കുന്നുവെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ അപാകത പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി, സി) പരിശോധിച്ച് വേണ്ട ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നു.

കോഴിക്കോട് സർവ്വകലാശാല രജിസ്ട്രാരുടെ സസ്പെൻഷൻ

1297 [2077] ശ്രീ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സർവ്വകലാശാല രജിസ്ട്രാരുടെ പേരിൽ സസ്പെൻഷൻ നടപടി സ്വീകരിക്കുവാൻ കാരണമെന്ത്;

(ബി) സസ്പെൻഷൻ നടപടി സ്വീകരിക്കുന്നതിനു മുമ്പ് ആഭ്യന്തരവകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ടോ;

(സി) സർവ്വകലാശാല ചാൻസലറുടെ അംഗീകാരത്തോടു കൂടിത്തന്നെയാണോ സസ്പെൻഷൻ നടപടി സ്വീകരിച്ചിട്ടുള്ളത്?

ഉത്തരം

(എ) രജിസ്ട്രാരുടെ പേരിലുണ്ടായ ചില അഴിമതി ആരോപണങ്ങൾ അന്വേഷണ വിധേയമാക്കുകയും, അതിന്റെ ഫലമായി സസ്പെൻഷൻ നടപടി ഉണ്ടാകുകയും ചെയ്തിട്ടുണ്ട്.

(ബി) അന്വേഷണം വിജിലൻസ് ഡിപ്പാർട്ടുമെന്റാണ് നടത്തിയിട്ടുള്ളത്.

(സി) ചാൻസലർ തന്നെയാണ് സസ്പെൻഷൻ നടപടി സ്വീകരിച്ചത്.

തവനൂർ റൂറൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് സർക്കാർ സർവ്വീസിൽ ലയിപ്പിച്ച ജീവനക്കാർ

1298 [2078] ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തവനൂർ റൂറൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് സർക്കാർ സർവ്വീസിൽ ലയിപ്പിച്ച ജീവനക്കാരുടെ റൂറൽ ഇൻസ്റ്റിറ്റ്യൂട്ട് സർവ്വീസ്, പെൻഷൻ, വെയിറേജ് മുതലായ കാര്യങ്ങൾക്ക് അംഗീകരിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുവാൻ വരുത്തുന്ന കാലതാമസം മൂലം ജീവനക്കാർ യാതനകളനുഭവിക്കേണ്ടിവരുന്നുണ്ടെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ കാര്യത്തിൽ ഉടൻ നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly